എം 2/ 7539 /2019/ഡി.ജി.ഇ.

പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി: **30.08.2019**

ഫോൺ: 0471-2580595; msndpi@gmail.com.

## വിജ്ഞാപനം

**പൊതു വിദ്യാഭ്യാസം - ഡിപ്ളോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്) (ഹിന്ദി,അറബിക്,ഉറുദു,സംസ്കൃതം) കോഴ്സുകളിലേക്ക് 2019 - 2021 വർഷത്തെ (പൊതു ക്വാട്ട) പ്രവേശനത്തിന് യോഗ്യതയുള്ളവരിൽ നിന്നും നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.**

### I പൊതു നിബന്ധനകൾ

1. സ.ഉ.(കൈ)നം.30/19/പൊ.വി.വ.തീയതി 07.03.2019 പ്രകാരമാണ് ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം) കോഴ്സുകളുടെ കാലാവധി, പ്രവേശനത്തിനുള്ള യോഗ്യത എന്നിവ പരിഷ്കരിച്ചിട്ടുള്ളത്. കോഴ്സിന്റെ പേര് ചുരുക്കത്തിൽ ഡി.എൽ.എഡ് (ഹിന്ദി/അറബിക്/ഉറുദു/സംസ്കൃതം) എന്ന് അറിയപ്പെടും.

2. കോഴ്സുകൾ :

   1. ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഹിന്ദി) (ഡി.എൽ.എഡ് ഹിന്ദി)
   2. ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (അറബിക്)-(ഡി.എൽ.എഡ്- അറബിക്)
   3. ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഉറുദു)-(ഡി.എൽ.എഡ്- ഉറുദു)
   4. ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (സംസ്കൃതം)- (ഡി.എൽ.എഡ്-സംസ്കൃതം)

3. ഡി.എൽ.എഡ് കോഴ്സ് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത 50% മാർക്കോടെയുള്ള +2, അഥവാ തത്തുല്യ യോഗ്യതയായിരിക്കും

4. +2 പഠനത്തിൽ ബന്ധപ്പെട്ട ഭാഷകൾ പഠിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പരിഗണിക്കപ്പെടുന്ന അദ്ധ്യാപക പരീക്ഷകൾ, ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ കോഴ്സുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങിയ തത്തുല്യമായ കോഴ്സുകളും 50% മാർക്കോടെ വിജയിച്ചിരിക്കണം.
5. നിയമാനുസൃതമായി ഇളവ് ലഭിക്കുന്ന വിഭാഗങ്ങൾക്ക് അടിസ്ഥാന യോഗ്യത പരീക്ഷയിലെ മാർക്കിൽ 5% ഇളവ് അനുവദിക്കാവുന്നതാണ്.

## II. ഓരോ കോഴ്സിനും പ്രവേശനം ലഭിക്കുന്നതിനു വേണ്ട യോഗ്യതകൾ

### 1. ഡി.എൽ.എഡ് (ഹിന്ദി)

1. ഹിന്ദി രണ്ടാം ഭാഷയായുള്ള ഹയർസെക്കന്ററി പരീക്ഷാ വിജയം

   അല്ലെങ്കിൽ

2. അഡീഷണൽ ഭാഷ ഹിന്ദിയോടെയുള്ള എസ്.എസ്.എൽ.സി. പരീക്ഷാവിജയവും ഹയർസെക്കന്ററി പരീക്ഷാ വിജയവും

   അല്ലെങ്കിൽ

3. ഹയർസെക്കന്ററി പരീക്ഷാ വിജയവും ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ പ്രവീൺ പരീക്ഷാ വിജയവും

   അല്ലെങ്കിൽ

4. ഹയർ സെക്കന്ററി പരീക്ഷാ വിജയവും കേരള ഹിന്ദി പ്രചാരസഭയുടെ സാഹിത്യാചാര്യ പരീക്ഷാ വിജയവും

   അല്ലെങ്കിൽ

5. ഹയർ സെക്കന്ററി പരീക്ഷാ വിജയവും ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ രാഷ്ട്രഭാഷാ വിശാരദ് പരീക്ഷാ വിജയവും

   അല്ലെങ്കിൽ

6. ഹയർ സെക്കന്ററി പരീക്ഷാ വിജയവും കേരള ഹിന്ദി പ്രചാരസഭയുടെ ഹിന്ദി ഭൂഷൺ പരീക്ഷാ വിജയവും

   അല്ലെങ്കിൽ

7. ഹയർ സെക്കന്ററി പരീക്ഷാ വിജയവും കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഹിന്ദി ബിരുദം/ബിരുദാനന്തര ബിരുദം/തത്തുല്യമായ യോഗ്യത.

### 2. ഡി.എൽ.എഡ് (അറബിക്)

1. അറബിക് ഐച്ഛിക വിഷയമായോ രണ്ടാം ഭാഷയായോ പഠിച്ചു ഹയർ സെക്കന്ററി പരീക്ഷാ വിജയം

   അല്ലെങ്കിൽ

2. അഫ്സൽ- അൽ-ഉലമ പ്രിലിമിനറി പരീക്ഷാ വിജയം

   അല്ലെങ്കിൽ

3. പ്രീഡിഗ്രി അറബിക് പരീക്ഷാ വിജയം

   അല്ലെങ്കിൽ

4. ഓറിയന്റൽ സ്കൂളിൽ നിന്നോ അക്കാഡമിക് സ്കൂളിൽ നിന്നോ ഒന്നാം ഭാഷയായി അറബിക് പഠിച്ചുനേടിയ എസ്.എസ്.എൽ.സി പരീക്ഷാ വിജയവും ഹയർ സെക്കന്ററി (ഏതു വിഷയവും) പരീക്ഷാ വിജയവും

   അല്ലെങ്കിൽ

5. ഹയർ സെക്കന്ററി (ഏതു വിഷയവും) പരീക്ഷാ വിജയവും പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷാ വിജയവും

   അല്ലെങ്കിൽ

6. ഏതെങ്കിലും ഭാഷയോടുള്ള ഹയർ സെക്കന്ററിയും കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ, അംഗീകരിച്ചതോ ആയ അറബിക് ബിരുദം/ ബിരുദാനന്തര ബിരുദം.

## 3. ഡി.എൽ.എഡ് (സംസ്കൃതം)

1. സംസ്കൃതം ഐച്ഛികവിഷയമായോ രണ്ടാം ഭാഷയായോ പഠിച്ചു ഹയർ സെക്കന്ററി പരീക്ഷാ വിജയം

   അല്ലെങ്കിൽ

2. ഓറിയന്റൽ സ്കൂളിൽ നിന്നോ അക്കാഡമിക് സ്കൂളിൽ നിന്നോ ഒന്നാം ഭാഷയായി സംസ്കൃതം പഠിച്ചുനേടിയ എസ്.എസ്.എൽ.സി പരീക്ഷാ വിജയവും ഹയർ സെക്കന്ററി (ഏതു വിഷയവും) പരീക്ഷാ വിജയവും

   അല്ലെങ്കിൽ

3. രാഷ്ടീയ സംസ്കൃത സംസ്ഥാൻ നടത്തുന്ന പ്രാക് ശാസ്ത്രി പരീക്ഷാ വിജയം/ തത്തുല്യ യോഗ്യത

4. ഹയർ സെക്കന്ററി (ഏതു വിഷയവും) പരീക്ഷാ വിജയവും പരീക്ഷാ കമ്മീഷണർ നടത്തുന്ന സംസ്കൃതം അദ്ധ്യാപക പരീക്ഷാ വിജയവും

   അല്ലെങ്കിൽ

5. കേരളത്തിലെ സർവ്വകലാശാലകളിൽ നൽകുന്നതോ അംഗീകരിച്ചതോ ആയ സംസ്കൃതം ഐച്ഛികവിഷയമായ പ്രീഡിഗ്രി/ പ്രീ യൂണിവേഴ്സിറ്റി പരീക്ഷാ വിജയം

   അല്ലെങ്കിൽ

6. കേരളത്തിലെ സർവ്വകലാശാലകൾ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്കൃതം കോളേജുകളിൽ നിന്നുള്ള പ്രീഡിഗ്രി അല്ലെങ്കിൽ പ്രീ യൂണിവേഴ്സിറ്റി പരീക്ഷാ വിജയം

   അല്ലെങ്കിൽ

7. ഏതെങ്കിലും ഭാഷയോടുള്ള ഹയർ സെക്കന്ററി പരീക്ഷാ വിജയവും കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ, അംഗീകരിച്ചതോ ആയ സംസ്കൃതം ഭാഷയിലുള്ള ബിരുദം/ബിരുദാനന്തര ബിരുദം.

## 4. ഡി.എൽ.എഡ് (ഉറുദു)

1. ഉറുദു ഓപ്ഷണൽ ആയോ രണ്ടാം ഭാഷയായോ ഉള്ള ഹയർ സെക്കന്ററി പരീക്ഷാ വിജയം

   അല്ലെങ്കിൽ

2. എസ്.എസ്.എൽ.സി യും അതിനുശേഷം ഉറുദു ഭാഷാ ഒരു വിഷയമായി പഠിച്ചുള്ള ഹയർ സെക്കന്ററി പരീക്ഷാ വിജയവും

   അല്ലെങ്കിൽ

3. ഹയർ സെക്കന്ററി പരീക്ഷാ വിജയവും കോഴിക്കോട് സർവ്വകലാശാല നടത്തുന്ന അദീബ്- എ- ഫാസിൽ പ്രിലിമിനറി- ഉറുദു പരീക്ഷാ വിജയവും

   അല്ലെങ്കിൽ

4. ഹയർ സെക്കന്ററിക്ക് തുല്യമായി കോഴിക്കോട് സർവ്വകലാശാല നടത്തുന്ന അദീബ്- എ- ഫാസിൽ പ്രിലിമിനറി ന്യൂ സ്കിം പരീക്ഷാ വിജയം

   അല്ലെങ്കിൽ

5. പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തുന്ന ഉറുദു അദ്ധ്യാപക പരീക്ഷാ വിജയവും ഹയർ സെക്കന്ററി പരീക്ഷാ വിജയവും

അല്ലെങ്കിൽ

6. ഏതെങ്കിലും ഭാഷയോടെയുള്ള ഹയർ സെക്കന്ററിയും കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ, അംഗീകരിച്ചതോ ആയ ഉറുദു ഭാഷയിലുള്ള ബിരുദം//ബിരുദാനന്തര ബിരുദം

## III. പ്രായപരിധി

**അപേക്ഷകർ 01.08.2019 ൽ 17 വയസ്സ് തികഞ്ഞിരിക്കേണ്ടതും 35 വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. ഉയർന്ന പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 5 വർഷവും മറ്റു പിന്നോക്ക സമുദായക്കാർക്ക് 3 വർഷവും ഇളവ് അനുവദിക്കുന്നതാണ്. അംഗീകാരമുള്ള ടീച്ചിംഗ് സർവ്വീസ് ഉള്ളവർക്ക് ഉയർന്ന പ്രായപരിധിയിൽ സർവ്വീസ് കാലാവധിയുടെ അത്രയും വർഷം ഇളവ് ലഭിക്കും. 3% സീറ്റുകൾ ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു.**

## IV. അപേക്ഷാ ഫീസ് :

**അപേക്ഷകർ "0202-01-102-92 മറ്റിനങ്ങളിൽ നിന്നുള്ള വരവുകൾ" എന്ന ശീർഷകത്തിൽ 10/- രൂപ ചെലാൻ അപേക്ഷ ഫീസിനത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ അടയ്ക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരെ ഫീസടക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (അപേക്ഷാഫീസ് ഡിമാന്റ് ഡ്രാഫ്റ്റായോ മറ്റേതെങ്കിലും രീതിയിലോ അടയ്ക്കുന്നവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല).**

## V. അപേക്ഷിക്കേണ്ട രീതി :

1. **അപേക്ഷാ ഫോറത്തിന്റെ മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്. നിശ്ചിത ഫാറത്തിൽ തന്നെ അപേക്ഷ സമർപ്പിക്കണം. അപേക്ഷാഫോറത്തിന്റെ കോളങ്ങൾ ഒന്നുംതന്നെ ഒഴിവാക്കിയിടാൻ പാടില്ല. ബാധകമല്ലാത്ത കോളങ്ങൾ ബാധകമല്ല എന്ന് പൂരിപ്പിക്കേണ്ടതാണ്. ഓരോ കോഴ്സിനും (ഹിന്ദി, അറബിക്, സംസ്കൃതം, ഉറുദു) വെവ്വേറെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**
2. **അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്തിരിക്കണം..**

**എ. അപേക്ഷാഫീസ് അടച്ചതിന്റെ അസ്സൽ ചെലാൻ,**

**ബി. എസ്.എസ്.എൽ.സി.യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ( ജനനതീയതി, ജാതി ഇവ തെളിയിക്കുന്നതിനുള്ള രേഖകൾ)**

**സി. ഹയർസെക്കന്ററി മാർക്ക്ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ**

**ഡി. മറ്റു യോഗ്യത പരീക്ഷകളുടെ സർട്ടിഫിക്കറ്റിന്റേയും, മാർക്ക് ലിസ്റ്റിന്റേയും ശരിപ്പകർപ്പുകൾ**

**ഇ. അപേക്ഷയിൽ മറ്റെന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ തെളിവുകൾക്കായി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.**

VI. ഫീസ് വിവരം :

തിരഞ്ഞെടുക്കപ്പെടുന്നവർ ഇളവുകൾക്ക് വിധേയമായി താഴെ പറയുന്ന ഫീസ് ട്രെയിനിംഗ് സെന്ററുകളിൽ നല്കേണ്ടതാണ്.

എ. അഡ്മിഷൻ ഫീസ് - 10 രൂപ
ബി. ട്യൂഷൻ ഫീസ് - 150 രൂപ (മൂന്നു തവണ)
സി. ലൈബ്രറി ഫീസ് - 10 രൂപ
ഡി. ഗെയിംസ് ഫീസ് - 10 രൂപ
ഇ. സ്റ്റേഷനറി ഫീസ് - 10 രൂപ

VII. തിരഞ്ഞെടുപ്പ് രീതി :

യോഗ്യത പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സാമുദായിക സംവരണ വ്യവസ്ഥ പാലിച്ചുകൊണ്ടായിരിക്കും കോഴ്സുകളിലേക്ക് പ്രവേശനം നൽകുന്നത്. ഓരോ കോഴ്സിനും വെവ്വെറെ റാങ്ക് ലിസ്റ്റ് ആയിരിക്കും തയ്യാറാക്കുന്നത്.

VIII. സംവരണം :

യോഗ്യത പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സാമുദായിക സംവരണം പാലിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ഓരോ കോഴ്സിന്റേയും ആകെ സീറ്റിൽ 20% വകുപ്പുതല ക്വാട്ടയാണ്. വകുപ്പ് തല ക്വാട്ടയ്ക്ക് വേണ്ടത്ര അപേക്ഷകൾ ഇല്ലാത്ത പക്ഷം ആയത് പൊതു ക്വാട്ട പ്രകാരം നികത്തുന്നതാണ്. യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തുന്നതിനാൽ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ എല്ലാ പാർട്ടിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

8.ട്രെയിനിംഗ് സെന്ററുകൾ :

I. ഹിന്ദി

എ) റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ് ട്രെയിനിംഗ് (ഹിന്ദി)
പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം (100 സീറ്റ്)

ബി) ഗവ: ഹിന്ദി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, രാമവർമ്മപുരം, തൃശ്ശൂർ (100 സീറ്റ്)

II. അറബിക്

1. ഗവ.റ്റി.റ്റി.ഐ, കൊല്ലം - 50 സീറ്റ്
2. ഗവ.റ്റി.റ്റി.ഐ, മലപ്പുറം- 50 സീറ്റ്
3. ഗവ.റ്റി.റ്റി.ഐ ഫോർ വിമൻ കോഴിക്കോട് - 50 സീറ്റ്

III. ഉറുദു

1. ഗവ.റ്റി.റ്റ.ഐ, മലപ്പുറം- 50 സീറ്റ്
2. ഗവ.റ്റി.റ്റ.ഐ ഫോർ വിമൻ കോഴിക്കോട് - 50 സീറ്റ്

IV. സംസ്കൃതം

ഡയറ്റ് ,കോഴിക്കോട് , (വടകര ) - 50 സീറ്റ്)

(എല്ലാ സെന്ററിലും ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രവേശനം നൽകുന്നതാണ്)

9. നിബന്ധനകൾ :

1. അപേക്ഷകൾ 23.09.2019 വൈകുന്നേരം 5 മണിക്കു മുൻപായി

   പൊതു വിദ്യാഭ്യാസ ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം, പിൻ 695014 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും അപാകതകൾ ഉള്ളതുമായ അപേക്ഷകൾ പരിഗണിയ്ക്കുന്നതല്ല.
2. അപേക്ഷയോടൊപ്പം ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളുടെ ഫോട്ടോ കോപ്പികൾ സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം. അല്ലാത്തവ നിരസിയ്ക്കുന്നതാണ്.
3. തെരഞ്ഞെടുക്കപ്പെടുന്നവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ, റ്റി.സി എന്നിവ ബന്ധപ്പെട്ട സെന്ററിൽ പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.
4. അപേക്ഷകൾ ഉള്ളടക്കത്തോടൊപ്പം തുന്നിക്കെട്ടി അയയ്ക്കേണ്ടതാണ്. മൊട്ടു സൂചി, സ്റ്റാപ്ലർ എന്നിവ ഉപയോഗിക്കാൻ പാടില്ല.
5. പ്രവേശനം ലഭിക്കുന്നവർ പിന്നീട് അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്ന് തെളിഞ്ഞാലോ, മതിയായ മറ്റു യോഗ്യതകൾ ഇല്ലെന്ന് കണ്ടാലോ പ്രവേശനം അസാധുവാക്കാനുള്ള അധികാരം പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്. അപേക്ഷകർ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടോ ഇല്ലയോ എന്നുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും. അതിൻമേൽ കത്തിടപാടുകൾ നടത്തുന്നതല്ല.
6. സെലക്ഷൻ സംബന്ധിച്ച് വ്യക്തികളുമായോ, ഏതെങ്കിലും സംഘടനകളുമായോ പൊതുവിദ്യാഭ്യാസ ഡയറക്ടർ കത്തിടപാടുകൾ നടത്തുന്നതല്ല. സെലക്ഷൻ ലഭിക്കുന്നവരുടെ ലിസ്റ്റ് എല്ലാ ട്രെയിംനിംഗ് സെന്ററുകളിലും ഇ-മെയിൽ മുഖേന ലഭ്യമാക്കുന്നതും www.education.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. സെലക്ഷൻ ലഭിക്കുന്നവർക്ക് ആർക്കും നേരിട്ട് കത്ത്/മെമ്മോ അയയ്ക്കുന്നതല്ല. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി കഴിഞ്ഞ് 10

ദിവസത്തിനകം റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. റാങ്ക് ലിസ്റ്റ് പ്രകാരം,അതാതു സെന്ററുകളിൽ നേരിട്ട് ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്.

7. ട്രെയിനിംഗിനു ശേഷം നിയമനം നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ബാദ്ധ്യസ്ഥനല്ല.

8. കൈയ്യൊപ്പ് രേഖപ്പെടുത്താത്തതും അപൂർണ്ണവുമായ അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

9. ഭിന്നശേഷിക്കാരായ അപേക്ഷകർ തെളിവിനായി ബന്ധപ്പെട്ട മെഡിക്കൽ ബോർഡിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

10. ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം) കോഴ്സ് പ്രൈമറി തലത്തിൽ (എൽ.പി & യു.പി) ഭാഷാദ്ധ്യാപകരുടെ ട്രയിംനിംഗ് യോഗ്യതയായി മാത്രമേ പരിഗണിക്കുകയുള്ളൂ. പ്രസ്തുത കോഴ്സ് ഹൈസ്കൂൾ തലത്തിൽ അദ്ധ്യാപകരുടെ ട്രയിംനിംഗ് യോഗ്യതയായി യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ജീവൻ ബാബു.കെ ഐ.എ.എസ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. സെക്രട്ടറി, പരീക്ഷാഭവൻ പൂജപ്പുര, തിരുവനന്തപുരം.
5. ചീഫ് ഇൻസ്ട്രക്റ്റർ, ആർ.ഐ.എൽ.റ്റി തിരുവനന്തപുരം/ ഗവ: ഹിന്ദി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, രാമവർമ്മപുരം, തൃശ്ശൂർ.
6. പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ/
   ഗവ.റ്റി.റ്റി.ഐ കൊല്ലം/ഗവ.റ്റി.റ്റി.ഐ മലപ്പുറം/
   ഗവ.റ്റി.റ്റി.ഐ ഫോർ വിമൻ കോഴിക്കോട്/ഡയറ്റ് കോഴിക്കോട് (വടകര)

പകർപ്പ്

1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി (കവറിംഗ് ലറ്റർ ഉൾപ്പെടെ)
2. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾ മാർക്കും
4. പൊതുവിദ്യാഭ്യാസ ഡയറക്ടർ / പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)/പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) ജോയിന്റ് ഡയറക്ടർ (അക്കാദമിക്) / വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്) - സി.എ. മുഖേന.
5. സൂപ്രണ്ട് എച്ച് സെക്ഷൻ
6. കരുതൽ ഫയൽ.

# അനുബന്ധം

(നോട്ടിഫിക്കേഷൻ നം.എം2/7539/2019/ഡി.ജി.ഇ. തീയതി. 30.8.19)
2019 – 2021 വർഷത്തെ ഡിപ്ലോമാ ഇൻ എലമെന്ററി എഡ്യുക്കേഷൻ (ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം) കോഴ്സിനുള്ള അപേക്ഷ (പൊതു ക്വാട്ട – ഗവൺമെന്റ് )

1. പൂർണ്ണമായ പേരും മേൽവിലാസവും ഇ-മെയിൽ വിലാസവും (മൊബൈൽ നമ്പർ,പിൻകോഡ് ഉൾപ്പെടെ) :
   എ. ഇംഗ്ലീഷിൽ – (വലിയ അക്ഷരം)

   ബി. മലയാളത്തിൽ,

2. ജനനതീയതി :
3. 01.08.2019 ൽ പൂർത്തിയാകുന്ന വയസ്സ് :
4. വിദ്യാഭ്യാസ യോഗ്യതയും ലഭിച്ച മാർക്കും (സർട്ടിഫിക്കറ്റിന്റേയും മാർക്ക് ലിസ്റ്റിന്റേയും എല്ലാ പാർട്ടിന്റേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കണം) :
5. യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ ശതമാനം :
6. (എ) ജാതി /മതം :

   (ബി) പട്ടികജാതി /പട്ടികവർഗ്ഗം/ഒ.ബി.സി/ ആണോയെന്ന് :
7. അംഗീകാരമുള്ള ടീച്ചിംഗ് സർവ്വീസ് ഉണ്ടെങ്കിൽ കാലയളവ് :
8. അപേക്ഷകർ /ഒടുക്കിയ ഫീസ് തുക, ചെലാൻ നമ്പരും, തീയതിയും ട്രഷറിയുടെ പേരും
9. പ്രവേശനം ലഭിക്കുവാൻ ആഗ്രഹിക്കുന്ന കോഴ്സ് (ഡി.എൽ.എഡ്- ഹിന്ദി/അറബിക്/ഉറുദു/സംസ്കൃതം)
10. പ്രവേശനം ആഗ്രഹിക്കുന്ന ട്രെയിംനിംഗ് സെന്ററിന്റെ പേര് (മുൻഗണനാക്രമത്തിൽ) :
    1.
    2.
    3.
11. അപേക്ഷകൻ ഭിന്നശേഷിക്കാരനാണോ (ആണെങ്കിൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യണം) :
12. ഉള്ളടക്കത്തിന്റെ ലിസ്റ്റ് :

സ്ഥലം : അപേക്ഷകന്റെ ഒപ്പ്

തീയതി :